**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - വിളപ്പിൽ ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്ക്, പരേതനായ ബി.എൽ പ്രതീഷിന്റെ ഫാമിലി പെൻഷനും, ഡി.സി.ആർ.ജി.യും മറ്റ് ആനുകൂല്യങ്ങളും ടിയാന്റെ മാതാവ് ശ്രീമതി. ബി. ലളിതകുമാരിയ്ക്ക് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സഉ(സാധാ)നം. 456/2016/തസ്വഭവ**　　**തീയതി,തിരുവനന്തപുരം, 05/02/2016**

---

പരാമർശം : 1) പഞ്ചായത്ത് ഡയറക്ടറുടെ 30/07/2013,20/03/2014,17/07/2014 & 25/05/2015 തീയതികളിലെ ഇ 4-9420/09/(1) നമ്പർ കത്തുകൾ.

2) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/09/2013 ലെ എസ്6-61100/12 നമ്പർ കത്ത്.

3) നെയ്യാറ്റിൻകര താലൂക്ക് തഹസിൽദാർ 24/02/2010 ൽ സാക്ഷ്യപ്പെടുത്തിയ കെ.ഡിസ് 43595/2009 എ 1 നമ്പർ അവകാശ സർട്ടിഫിക്കറ്റ്.

4) അഡ്വക്കേറ്റ് ജനറൽ ആഫീസിലെ 29/10/2015 ലെ കത്ത്.

5) ശ്രീമതി. ബി.ലളിതകുമാരിയുടെ 12/01/2015 ലെ അപേക്ഷ.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വിളപ്പിൽ ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്ക്, പരേതനായ ബി.എൽ പ്രതീഷിന്റെ ഫാമിലി പെൻഷനും, ഡി.സി.ആർ.ജി.യും മറ്റ് ആനുകൂല്യങ്ങളും ടിയാന്റെ മാതാവ് ശ്രീമതി ബി. ലളിതകുമാരിയ്ക്ക് നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് പരാമർശം 1 ലെ കത്തുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ഫാമിലി പെൻഷൻ തനിക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം 5 പ്രകാരം ശ്രീമതി. ലളിതകുമാരിയും സർക്കാരിനോട് അഭ്യർഥിച്ചിരുന്നു.

നെയ്യാറ്റിൻകര താലൂക്ക് തഹസീൽദാരുടെ പരാമർശം 3 ലെ അവകാശ സർട്ടിഫിക്കറ്റിൽ പരേതനായ ബി.എൽ പ്രതീഷിന്റെ അവകാശികളായി ഭാര്യ ബിന്ദുകലയും മാതാവ് ബി. ലളിതകുമാരിയുമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടറോട് ആശ്യപ്പെട്ടിരുന്നു. പരാമർശം 3 പ്രകാരം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ശ്രീമതി. ബിന്ദുകല പുനർ വിവാഹിതയായിയെന്നും

ടി ബന്ധത്തിൽ ഒരു പെൺകുഞ്ഞ് ജനിച്ചിട്ടുണ്ടെന്നും ബി.എൽ.പ്രതീഷ് ജീവിച്ചിരിക്കെതന്നെ ഭാര്യയായിരുന്ന ശ്രീമതി. ബിന്ദുകല ടിയാന്റെ ആശ്രിതത്വത്തിലല്ല ജീവിച്ചിരുന്നതെന്നും ടിയാന്റെ മരണശേഷം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ശ്രീമതി. ബിന്ദുകലയ്ക്ക് നൽകുന്നത് ഉചിതമല്ലെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബി.എൽ.പ്രതീഷിന്റെ ഭാര്യയായിരുന്ന ശ്രീമതി. ബിന്ദുകല പുനർ വിവാഹിതയായതിനാൽ കെ.എസ്.ആർ പാർട്ട് III റൂൾ 90(7)(a) പ്രകാരം ഫാമിലി പെൻഷന് അർഹതയില്ല. ആയതിനാൽ വിളപ്പിൽ ഗ്രാമ പഞ്ചായത്തിലെ മുൻ ക്ലാർക്ക്, പരേതനായ ബി.എൽ പ്രതീഷിന്റെ ഫാമിലി പെൻഷനും, ഡി.സി.ആർ.ജി.യും മറ്റ് ആനുകൂല്യങ്ങളും ബി.എൽ.പ്രതീഷിന്റെ മാതാവായ ശ്രീമതി. ബി. ലളിതകുമാരിയ്ക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ വി**

**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (സേവനപുസ്തകം സഹിതം)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം ജില്ല.
സെക്രട്ടറി, വിളപ്പിൽ ഗ്രാമ പഞ്ചായത്ത്,തിരുവനന്തപുരം ജില്ല.
ശ്രീമതി. ബി.ലളിതകുമാരി , ലളിതാഭവൻ,അന്തിയൂർക്കോണം, മലയിൻകീഴ് പി.ഒ (രജിസ്റ്റേർഡ് പോസ്റ്റ് മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ& എ) കേരള, തിരുവനന്തപുരം.
ധനവകുപ്പ്(യു.ഒ നം./WW1/54/2014-/ധന തീയതി 19/11/2015 പ്രകാരം).
ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ